പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2237 — 13.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി ഉത്പാദനവും സംസ്ഥാനത്തിനു പുറത്തുനിന്ന് വാങ്ങിയ വൈദ്യുതിയും

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉത്പാദിപ്പിച്ചുവെന്നു വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉത്പാദനം ആരംഭിച്ച പൂഴിത്തോട്, റാന്നി-പെരുനാട്, പീച്ചി എന്നീ ജലവൈദ്യുത പദ്ധതികളിൽ നിന്നും നാളിതുവരെ 25.788293 (MU) (ദശലക്ഷം യൂണിറ്റ്) വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിനു പുറത്തുനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഈ സർക്കാർ അധികാരമേറ്റതിനു ശേഷം വിലകൊടുത്തു വാങ്ങിയെന്നും, ആയതിന്റെ വില യൂണിറ്റിന് എത്രയെന്നും, അതു സംബന്ധിച്ചുള്ള മറ്റെല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം May 2011 - January 2013 എന്നീ കാലയളവിൽ പവർ എക്സ്ചേഞ്ച് (PX). ൽ നിന്നും 2010.973 (MU) (ദശലക്ഷം യൂണിറ്റ്) ഉം ട്രേഡേഴ്സിൽ നിന്നും 2060 MU (ദശലക്ഷം യൂണിറ്റ്) വൈദ്യുതി വാങ്ങിയിട്ടുണ്ട്. PX ൽ നിന്നും വാങ്ങിയ വൈദ്യുതിയുടെ ശരാശരി നിരക്ക് യൂണിറ്റിന് 6.42 രൂപയും മൊത്തം ചെലവാക്കിയ തുക രൂപ 12,90,83,02,770/- രൂപയും ആണ്.

സംസ്ഥാനത്തിന് പുറത്തു നിന്ന് ട്രേഡർമാർ മുഖേന വാങ്ങിയ വൈദ്യുതിയുടെ ദശലക്ഷം യൂണിറ്റിലുള്ള അളവും ഉദ്ദേശവിലയും താഴെ നൽകിയിരിക്കുന്നു.

| കാലയളവ് | വൈദ്യുതിയുടെ അളവ് ദശലക്ഷം യൂണിറ്റിൽ | വൈദ്യുതിക്ക് നൽകിയ ഉദ്ദേശവില രൂപയിൽ | ഒരു യൂണിറ്റിന്റെ ശരാശരി വില രൂപയിൽ |
|---|---|---|---|
| 01.05.2011 മുതൽ 31.03.2012 വരെ | 928.12 | 3,91,09,68,584 | 4.214 |
| 01.04.2012 മുതൽ 31.12.2012 വരെ | 955.104 | 4,67,69,53,308 | 4.897 |

(സി) ആയതിനായി സർക്കാർ ആകെ വിനിയോഗിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന വൈദ്യുതി ബോർഡിന്റെ വാർഷിക കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിനായി ആകെ 4375.31 കോടി രൂപയും 2012-13 വർഷത്തേക്ക് (താത്കാലിക കണക്ക് പ്രകാരം) 08.02.2013 തീയതി വരെ 6315.67 കോടി രൂപയും ചെലവായി ഇതിൽ സംസ്ഥാനത്തിന് പുറത്തു നിന്ന് വൈദ്യുതി വാങ്ങാൻ ഈ ദിവസം വരെയുള്ള കണക്കുകൾ പ്രകാരം ചെലവായ തുക യഥാക്രമം 2011 - 12 ൽ 3451.06 കോടി രൂപയും (2012-13) ൽ 4344.35 കോടി രൂപയും ആണ്. ടി തുകകൾ വൈദ്യുതി ബോർഡിൽ നിന്നാണ് വിനിയോഗിക്കുന്നത്.

സെക്ഷൻ ഓഫീസർ.